# INDIAN SCHOOL AL WADI AL KABIR

| CLASS: IX | DEPARTMENT: MALAYALAM | DATE : 15/08/2021 |
|---|---|---|
| **Class Note** | **Lesson: അമ്പാടിയിലേക്ക്** | **Topic: Descriptive** |

## അമ്പാടിയിലേക്ക്

**പര്യായപദങ്ങൾ :** മാനസം: മനം, ചിത്തം, ഉള്ളം/ തേര്: രഥം, സ്യന്ദനം/ കാന്തി: ശോഭ, ഛവി, ദ്യുതി/ പീയൂഷം: അമൃത്, സുധ/ തേൻ: മധു, മകരന്ദം, മാക്ഷികം/ പുഞ്ചിരി: സ്മേരം, സ്മിതം, മന്ദഹാസം/ നിലാവ്: കൗമുദി, ജ്യോത്സ്ന

**നാനാർത്ഥം :** മായം: വഞ്ചന, മങ്ങൽ/ പൂരം: ഒരു നക്ഷത്രം, നിറവ്/ പാദം: കാല്, ശ്ലോകത്തിൻെറ ഒരു വരി/ മേനി: ശരീരം, മേന്മ/

**അർത്ഥവ്യത്യാസം :** 1. പാരം= ഏറെ പാര്= ഭൂമി / 2. തിണ്ണം= നന്നായി തിണ്ണ= ഉമ്മറം / 3. കാലം= സമയം കോലം= രൂപം/ 4. മന്ദിരം=വീട് മന്ദാരം= ഒരു ചെടി/ 5. പൂരം= ഒരു ഉത്സവം പാരം = ഏറെ/ 6. മൊഴി= വാക്ക് മിഴി= കണ്ണ്

**വിപരീതപദം :** പുണ്യം X പാപം/ അല്ലൽ X ആനന്ദം/ മെല്ലെ X വേഗം

**എതിർലിംഗം :** കുമാരൻ - കുമാരി/ ക്രൂരൻ - ക്രൂര/ തോഴി - തോഴൻ

**പിരിച്ചെഴുതുക:** മാനസമായ= മാനസം+ആയ/ മന്ദിരത്തിൽ= മന്ദിരം+ഇൽ/ നിന്നൊരു= നിന്ന്+ഒരു/ കർണ്ണങ്ങൾ =കർണ്ണം+കൾ/ ചേവടിത്താരിണ= ചേവടി+താരിണ/ കൈയിൽ= കൈ+ഇൽ/ പാരിലിറങ്ങി= പാരിൽ+ഇറങ്ങി/ പാൽക്കുഴ= പാൽ+കുഴ

**വിഗ്രഹിക്കുക:** ഗോവിന്ദപാദങ്ങൾ= ഗോവിന്ദൻെറ പാദങ്ങൾ/പീയൂഷവാരി= പീയൂഷമാകുന്ന വാരി/ കാർവണ്ട്= കറുത്ത വണ്ട് / ആഴിനേർവർണ്ണൻ= ആഴിക്ക് തുല്യമായ വർണ്ണത്തോടു കൂടിയവൻ= ശ്രീകൃഷ്ണൻ/ അക്രൂരൻ= ക്രൂരതയില്ലാത്തവൻ/ നീലവിലോചന=നീല നിറത്തിലുള്ള വിലോചനമുള്ളവൾ = സുന്ദരി

**ഉത്തരം എഴുതുക**

1. *"കാർവർണൻ തന്നുടെ കൺമുനയായൊരു കാർവണ്ടു വന്നിങ്ങു മെല്ലെ മെല്ലെ ദീനനായ് നിന്നൊരു ഞാനായ പൂവിൽ നിന്നാനന്ദമാടിക്കളിക്കുമോ താൻ"*

   *ഈ കാവ്യഭാഗത്തിൻെറ അലങ്കാരഭംഗി വ്യക്തമാക്കുക*

അമ്പാടിയിൽ ശ്രീകൃഷ്ണനെ കാണുന്ന രംഗം അക്രൂരൻ മനസ്സിൽ ചിന്തിക്കുന്നതാണ് സന്ദർഭം. കൃഷ്ണൻെറ കടാക്ഷം ആഗ്രഹിക്കുന്ന അക്രൂരൻ തന്നെ ഒരു പൂവായി സങ്കല്പിക്കുന്നു. പൂവിന് ചുറ്റും പറക്കുന്ന വണ്ടുകൾ പോലെ കണ്ണൻെറ കണ്ണുകൾ തന്നെ വീക്ഷിക്കുമെന്ന് അദ്ദേഹം കരുതുന്നു. വണ്ടുകൾ പൂക്കൾക്കു ചുറ്റും സാധാരണ പറന്നു നടക്കും. ഇവിടെ ശ്രീകൃഷ്ണൻെറ കണ്ണുകളെ വണ്ടുകളോടും അക്രൂരനെ പൂവിനോടും കവി സാമ്യപ്പെടുത്തുന്നു. കണ്ണൻെറ നോട്ടത്തെ സ്വീകരിക്കാൻ സന്തോഷത്തോടെ കാത്തുനിൽക്കുന്ന ഒരു പൂവാണ് അക്രൂരൻ എന്ന കല്പന ആസ്വാദ്യകരമാണ്.

2. *"ആഴം പൂണ്ടീടുന്നോരാമോദം തന്നാലേ പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ"*

   *അക്രൂരൻെറ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വരികൾ എത്രമാത്രം പര്യാപ്തമാണ്?*

ഭഗവാൻ ശ്രീകൃഷ്ണനെ കാണാനുള്ള അദമ്യമായ ആഗ്രഹത്തോടെ കഴിയുന്നവനാണ് അക്രൂരൻ. അതിനുള്ള അവസരമാണ് അമ്പാടിയിലേക്ക് പോകുന്നതിലൂടെ അക്രൂരന് ലഭിക്കുന്നത്. ആ സന്തോഷം എത്രമാത്രമാണെന്ന് പറഞ്ഞറിയിക്കാൻ അദ്ദേഹത്തിന് ആവുന്നില്ല. അതുകൊണ്ടാണ് ശ്രീകൃഷ്ണൻെറ പാദസ്പർശമേറ്റ അമ്പാടിയിലെ പൂഴിമണ്ണിൽ അക്രൂരൻ കിടന്നുരുളുന്നത്. കൃഷ്ണൻെറ പാദങ്ങൾ പതിഞ്ഞ ആ മണ്ണുപോലും തൻെറ ശരീരത്തോട് ചേർക്കുന്നത് പുണ്യപ്രദമാണെന്ന് അദ്ദേഹം കരുതുന്നു. അക്രൂരനിലെ തീവ്രമായ ഭക്തിഭാവം വെളിപ്പെടുത്താൻ മുകളിൽ കൊടുത്ത വരികൾ പര്യാപ്തമാണ്.

3. *അമ്പാടിയിൽ എത്തിയ അക്രൂരൻ അവിടെ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ എന്തെല്ലാം?*

കാഴ്ചയുടെയും കേഴ്വിയുടെയും വിവിധ അനുഭവങ്ങളാണ് അമ്പാടിയിൽ

എത്തിയ അക്രൂരന് ഉണ്ടാകുന്നത്. പശുവിനെ കറക്കുന്ന ശബ്ദം എങ്ങും ഉയർന്നു കേൾക്കുന്നു. ബാലന്മാരും പശുക്കുട്ടികളും ഓടിക്കളിക്കുന്നു. കാളകൾ കുത്ത് പിടിക്കുന്നതു മൂലം ഉണ്ടാകുന്ന പൊടി ദിക്കുകളിലാകെ പറന്നുയരുന്നു. പശുക്കളെ കറക്കാൻ പാത്രങ്ങളുമായി എത്തുന്ന ഗോപികമാർ പശുക്കളെ പേര് ചൊല്ലി വിളിക്കുന്ന ശബ്ദം മുഴങ്ങിക്കേൾക്കുന്നു. ഇത്തരത്തിലുള്ള കാഴ്ചകളും ശബ്ദങ്ങളുമാണ് അമ്പാടിയിൽ എത്തിയ അക്രൂരന് നവ്യാനുഭവമാകുന്നത്.

4.*അമ്പാടിയിലേക്ക് പോകുന്ന അക്രൂരൻെറ മനസ്സിലുണ്ടാകുന്ന ചിന്തകൾ എന്തെല്ലാം?*

കണ്ണനെ കാണാൻ പോകുന്ന താൻ പുണ്യവാനാണെന്ന് അക്രൂരൻ ചിന്തിക്കുന്നു. ശ്രീകൃഷ്ണനെ കാണുമ്പോൾ, അദ്ദേഹത്തിൻെറ ശോഭയാകുന്ന അമൃതജലം കോരിനിറച്ച് കണ്ണുകൾ കുളിർപ്പിച്ച് താൻ നിൽക്കില്ലേ? കാർവർണ്ണൻെറ കൺമുനയാകുന്ന കറുത്ത വണ്ട് മെല്ലെ വന്ന് ദീനനായി നിൽക്കുന്ന താനാകുന്ന പൂവിൽ ആനന്ദനൃത്തം ആടില്ലേ? കണ്ണൻെറ മനോഹരമായ വാക്കുകളാകുന്ന തേൻ കൊണ്ട് ചെവികൾ രണ്ടും നിറച്ച് ലക്ഷ്മീദേവി ആലിംഗനം ചെയ്യുന്ന ആ സുന്ദരശരീരം കണ്ട് താൻ ആനന്ദത്തോടെ നിൽക്കില്ലേ? അദ്ദേഹത്തിൻെറ പുഞ്ചിരിയാകുന്ന തൂനിലാവേറ്റ് തൻെറ മനസ്സാകുന്ന ആമ്പൽപ്പൂവ് നന്നായി ഉല്ലസിച്ച് അതിൽ ആനന്ദമാകുന്ന തേൻ നിറയുമ്പോൾ തൻെറ ദു:ഖമെല്ലാം ഇല്ലാതാകില്ലേ? വെണ്ണ പുരണ്ട് കുളിർമയുള്ള ആ ഉണ്ണിക്കൈയിൽ ഒന്നു മുത്തം വയ്ക്കണം. അദ്ദേഹത്തെ കാണുന്ന നേരത്ത് ഓടിച്ചെന്ന് ഒന്ന് ആലിംഗനം ചെയ്യണം. ആ മനോഹരമായ പാദങ്ങൾ രണ്ടും ശിരസ്സിനോട് ചേർക്കണം. ഇതെല്ലാമാണ് അമ്പാടിയിലേക്ക് പോകുന്ന അക്രൂരൻെറ മനസ്സിലുണ്ടാകുന്ന ചിന്തകൾ.

***